# മതതാരതമ്യ പഠനം അനുവദനീയമോ?

ഷമീർ സ്വലാഹി



ഖുർആൻ പറയുന്നു:‘‘തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്‌ലാം ആകുന്നു. വേദഗ്രന്ഥം നൽകപ്പെട്ടവർ തങ്ങൾക്ക് (മതപരമായ) അറിവ് വന്നുകിട്ടിയശേഷം തന്നെയാണ് ഭിന്നിച്ചത്. അവർ തമ്മിലുള്ള കക്ഷിമാത്സര്യം നിമിത്തമത്രെ അത്. വല്ലവരും (അല്ലാഹുവിന്റെ) തെളിവുകൾ നിഷേധിക്കുന്നുവെങ്കിൽ അല്ലാഹു അതിവേഗം കണക്ക് ചോദിക്കുന്നവനാകുന്നു.’’ (3:19).

‘‘ഇസ്‌ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെടുന്നവനുമായിരിക്കും’’ (3:85).

ദഅ്‌വത്തിന്റെ ഒരു മാർഗമെന്നോണം ഖുർആൻ അതിന്റെ അവതരണ കാലത്ത് നിലവിലുണ്ടായ മതങ്ങളെ പരാമർശിക്കുന്നതും അവയുടെ നിരർഥകവാദങ്ങൾക്ക് മറുപടി പറയുന്നതും പലയിടങ്ങളിലായി നമുക്ക് കാണാവുന്നതാണ്. ആറ് മതങ്ങളെ ഒരൊറ്റ ആയത്തിൽ ഖുർആൻ പരാമർശിക്കുന്നു:

‘‘സത്യവിശ്വാസികൾ, യഹൂദന്മാർ, സാബിഈ മതക്കാർ, ക്രിസ്ത്യാനികൾ, മജൂസികൾ, ബഹുദൈവ വിശ്വാസികൾ എന്നിവർക്കിടയിൽ ഉയിർത്തെഴുന്നേൽപിന്റ നാളിൽ തീർച്ചയായും അല്ലാഹു തീർപ്പ് കൽപിക്കുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാകാര്യത്തിലും സാക്ഷിയാകുന്നു’’ (22:17).

ഏഴാമതായി മറ്റൊരു വിഭാഗത്തെക്കുറിച്ചും സൂചിപ്പിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

‘‘അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹികജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുക മാത്രമാകുന്നു’’ (45:24).

സുലൈമാൻ നബി(അ)യിൽ അവിശ്വാസം ആരോപിക്കുകയും അദ്ദേഹത്തിന്റെ പ്രവാചകത്വം നിഷേധിക്കുകയും ചെയ്ത ജൂതന്മർക്ക് ഖുർആൻ നൽകിയ മറുപടിയും (2:102) മർയമിന്റെ ചാരിത്രശുദ്ധിയിൽ സംശയിച്ച് വ്യഭിചാരാരോപണം ഉന്നയിച്ചവർക്ക് 19ാം അധ്യായത്തിലൂടെ കൊടുത്ത മറുപടിയും ക്രൂശീകരണത്തെക്കുറിച്ചും ത്രിത്വത്തെക്കുറിച്ചുമുള്ള അബദ്ധധാരണകൾ തിരുത്തി യാഥാർഥ്യം വ്യക്തമാക്കുന്നതുമായ ഖുർആനിക വചനങ്ങളും ഇതര മതസ്ഥരുടെ തെറ്റായ ആദർശങ്ങളെ വിശകലനം ചെയ്തതിന് ചില ഉദാഹരണങ്ങൾ മാത്രമാണ്.

ഖുർആൻ, ഈസാനബി(അ)യെക്കുറിച്ച് ജൂതന്മാർ വെച്ചുപുലർത്തിയ വികലധാരണകളെ തിരുത്തുകയും ക്രൈസ്തവർ അദ്ദേഹത്തിന്റെ പേരിൽ അതിരുകവിഞ്ഞ് ദിവ്യത്വമാരോപിച്ചതിലെ നിരർഥകത വിവരിക്കുകയും അപ്രകാരം തന്നെ ഇസ്‌ലാമിന്റെ അടിസ്ഥാന ആദർശങ്ങളായ തൗഹീദ്, രിസാലത്ത്, ആഖിറത്ത് എന്നിവയിലേക്ക് ക്ഷണിക്കുമ്പോൾ അതിന്റെ എതിരാളികളുടെ ആശയത്തെ ചർച്ച ചെയ്യുകയും അവയുടെ തകരാറുകൾ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഇതര മതങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഖുർആൻ അതിന്റെ അനുയായികൾക്ക് നൽകുന്ന അനുവാദമായി പണ്ഡിതന്മാർ ഇതിനെ കാണുകയും അതനുസരിച്ച് ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തിട്ടുണ്ട്. ഖുർആൻ ഇത്തരത്തിലുള്ള വിഷയങ്ങൾ ചർച്ച ചെയ്യുകയും എതിരാളികൾക്ക് മറുപടി നൽകുകയും ചെയ്തതിന് ചില ഉദാഹരണങ്ങൾ കാണുക:

സ്രഷ്ടാവിനെയും പ്രവാചകനെയും പുനരുത്ഥാലത്തേയും നിഷേധിച്ചവരുടെവാദം ഖുർആൻ ഉദ്ധരിക്കുന്നു:

‘‘ജീവിതമെന്നത് നമ്മുടെ ഈ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നാം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്നവരല്ല തന്നെ. ഇവൻ അല്ലാഹുവിന്റെ മേൽ കള്ളം കെട്ടിച്ചമച്ച പുരുഷൻ മാത്രമാകുന്നു. ഞങ്ങൾ അവനെ വിശ്വസിക്കുന്നവരേ അല്ല’’(23:37,38).

‘‘അവർ പറഞ്ഞു: ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു. നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു. (വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവുമില്ല. അവർ ഊഹിക്കുകക മാത്രമാകുന്നു’’ (45:24).

അതോടൊപ്പം പ്രകൃതിദത്തവും ബുദ്ധിപരവുമായ തെളിവ് നിരത്തിക്കൊണ്ട് ഖുർആൻ അവരോട് ചിന്തിക്കാനാവശ്യപ്പെടുന്നു.

‘‘അവർ ചിന്തിച്ച് നോക്കിയില്ലേ? അവരുടെ കൂട്ടുകാരന് (മുഹമ്മദ് നബിക്ക്) ഭ്രാന്തൊന്നുമില്ല; അദ്ദേഹം വ്യക്തമായി താക്കീത് നൽകിക്കൊണ്ടിരിക്കുന്ന ഒരാൾ മാത്രമാണ്’’(7:184).

‘‘അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ഏതൊരുവസ്തുവിന്റെയും നേർക്ക് അവർ നോക്കിയിട്ടില്ലേ? എളിയവരായിട്ടും അല്ലാഹുവിന് സുജൂദ് ചെയ്തു കൊണ്ടും അതിന്റെ നിഴലുകൾ വലത്തോട്ടും ഇടത്തോട്ടും തിരിഞ്ഞു കൊണ്ടിരിക്കുന്നു’’(16:48).

സൃഷ്ടികളിലൂടെ സ്രഷ്ടാവിനെ അറിയുവാൻ അവരെ പ്രേരിപ്പിക്കുകയാണ് ഇതിലൂടെ ഖുർആൻ ചെയ്യുന്നത്. സ്രഷ്ടാവിനെ അംഗീകരിക്കുന്നതോടൊപ്പം പുനരുത്ഥാനത്തെ നിഷേധിച്ച മററൊരു കൂട്ടരോട് ഖുർആൻ സംവദിച്ചതിങ്ങനെയാണ്:

‘‘അവൻ നമുക്ക് ഒരു ഉപമ എടുത്തു കാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്ന് കളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ചു പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൺകുന്നത്?’’ (36:78).

അവരംഗീകരിക്കുന്ന ആദിജന്മത്തെ എതിർ തെളിവാക്കിക്കൊണ്ട് അവർക്ക് ഖുർആൻ മറുപടി പറയുന്നു:

‘‘പറയുക: ആദ്യ തവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ’’(36:79).

‘‘അപ്പൾ ആദ്യതവണ സൃഷ്ടിച്ചതു കൊണ്ട് നാം ക്ഷീണിച്ചുപോയോ? അല്ല; അവർ പുതിയൊരു സൃഷ്ടിപ്പിനെപ്പറ്റി സംശയത്തിലാകുന്നു’’ (50: 15).

‘‘യഹൂദന്മാർ പറഞ്ഞു, ക്രിസ്ത്യാനികൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. ക്രിസ്ത്യാനികൾ പറഞ്ഞു, യഹൂദന്മാർക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. അവരെല്ലാവരും വേദഗ്രന്ഥം പാരായണം ചെയ്യുന്നവരാണ്താനും. അങ്ങനെ ഇവർ പറഞ്ഞതുപോലെത്തന്നെ വിവരമില്ലാത്ത ചിലരൊക്കെ പറഞ്ഞിട്ടുണ്ട് എന്നാൽ അവർ തമ്മിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു അവർക്കിടയിൽ തീർപ്പ് കൽപ്പിക്കുന്നതാണ്.’’(2:113).

അപ്രകാരംതന്നെ വിഗ്രഹാരാധകരും പ്രവാചക നിഷേധികളുമായ ആളുകളുടെ ചോദ്യം ഖുർആൻ ഉദ്ധരിക്കന്നു: ‘‘അവർ പറഞ്ഞു: ഈ ദൂതൻ എന്താണിങ്ങനെ? ഇയാൾ ഭക്ഷണം കഴിക്കുകയും, അങ്ങാടികളിലൂടെ നടക്കുകയും ചെയ്യുന്നല്ലൊ? ഇയാളുടെ കൂടെ ഒരു താക്കീതുകാരനായിരിക്കത്തക്കണ്ണം ഇയാളുടടെ അടുത്തേക്ക എന്തു കൊണ്ട് ഒരു മലക്ക് ഇറക്കപ്പെടുന്നില്ല? അല്ലെങ്കിൽ എന്തു കൊണ്ട് ഇയാൾക്ക് ഒരു നിധി ഇട്ടു കൊടുക്കപ്പെടുന്നില്ല? അല്ലെങ്കിൽ ഇയാൾക്ക് (കായ്കനികൾ) എടുത്തു തിന്നാൻ പാകത്തിൽ ഒരു തോട്ടമുണ്ടാകുന്നില്ല? (റസൂലിനെപ്പറ്റി) അക്രമികൾ പറഞ്ഞു: മാരണം ബാധിച്ച ഒരാളെ മാത്രമാകുന്നു നിങ്ങൾ പിമ്പറ്റുന്നത്’’ (25:7,8).

എന്നിട്ട് പ്രവാചകന്മാരൊക്കെയും ഇങ്ങനെതന്നെയായിരുന്നുവെന്ന് അവർക്ക് മറുപടി നൽകുകയാണ് ഖുർആൻ ചെയ്യുന്നത്. ‘‘ഭക്ഷണം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്നവരായിട്ടല്ലാതെ നിനക്ക് മുമ്പ് ദൂതന്മാരിൽ ആരേയും നാം അയക്കുകയുണ്ടായിട്ടില്ല. നിങ്ങൾ ക്ഷമിക്കുമൊ എന്ന് നോക്കാനായി നിങ്ങളിൽ ചിലരെ ചിലർക്ക് നാം ഒരു പരീക്ഷണമാക്കിയിരിക്കുന്നു. നിന്റെ രക്ഷിതാവ് (എല്ലാം) കണ്ടറിയുന്നവനാകുന്നു’’ (25: 20).

ജൂത, ക്രൈസ്തവരുടെ വാദങ്ങൾ നിരത്തി അവയ്ക്ക് വ്യക്തമായ മറുപടി നൽകുന്നതും ഖുർആനിൽ കാണാവുന്നതാണ്:

‘‘യഹൂദരും ക്രിസ്ത്യാനികളും പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ മക്കളും അവന്ന് പ്രിയപ്പെട്ടവരുമാകുന്നു എന്ന്. (നബിയേ), പറയുക: പിന്നെ എന്തിനാണ് നിങ്ങളുടെ കുറ്റങ്ങൾക്ക് അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നത്? അങ്ങനെയല്ല; അവന്റെ സൃഷ്ടികളിൽപ്പെട്ട മനുഷ്യർ മാത്രമാകുന്നു നിങ്ങൾ. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തു കൊടുക്കും. അവൻ ഉദ്ദേശിക്കുന്നവരെ അവൻ ശിക്ഷിക്കുകയും ചെയ്യും. ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റേയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവനിലേക്ക് തന്നെയാണ് മടക്കം’’(5:18).

‘‘(ആർക്കെങ്കിലും സ്വർഗത്തിൽ പ്രവേശിക്കണമെങ്കിൽ യഹൂദരോ ക്രിസ്ത്യാനികളോ ആവാതെ പറ്റില്ലെന്നാണ് അവർ പറയുന്നത്. അതൊക്കെ അവരുടെ വ്യാമോഹങ്ങളത്രെ. എന്നാൽ (നബിയേ), പറയുക: ‘നിങ്ങൾ സത്യവാന്മാരാണെങ്കിൽ (അതിന്) നിങ്ങൾക്ക് കിട്ടിയ തെളിവ് കൊണ്ട്വരൂ’എന്ന്’’ (2:111).

അവർ പരസ്പരം എതിർത്തിരുന്ന ചിലകാര്യങ്ങളെക്കുറിച്ചും ഖുർആൻ ഉണർത്തി:

‘‘യഹൂദന്മാർ പറഞ്ഞു, ക്രിസ്ത്യാനികൾക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. ക്രിസ്ത്യാനികൾ പറഞ്ഞു , യഹൂദന്മാർക്ക് യാതൊരു അടിസ്ഥാനവുമില്ലെന്ന്. അവരെല്ലാവരും വേദഗ്രന്ഥം പാരായണം ചെയ്യുന്നവരാണ്താനും. അങ്ങനെ ഇവർ പറഞ്ഞതുപോലെത്തന്നെ വിവരമില്ലാത്ത ചിലരൊക്കെ പറഞ്ഞിട്ടുണ്ട് എന്നാൽ അവർ തമ്മിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഭിന്നിക്കുന്ന വിഷയങ്ങളിൽ ഉയിർത്തെഴുന്നേൽപ്പിന്റെ നാളിൽ അല്ലാഹു അവർക്കിടയിൽ തീർപ്പ് കൽപ്പിക്കുന്നതാണ്.’’(2:113).

മുകളിലുദ്ധരിച്ചവ ജൂത ക്രിസ്ത്യാനികൾക്ക് മൊത്തത്തിലുള്ള മറുപടികളാണെങ്കിൽ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം മറുപടി നൽകുന്നതും ഖുർആനിൽ കാണാം:

‘‘അല്ലാഹുവിന്റെ കൈകൾ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദൻമാർ പറഞ്ഞു അവരുടെ കൈകൾ ബന്ധിതമാകട്ടെ. അവർ പറഞ്ഞ വാക്ക് കാരണം അവർ ശപിക്കപ്പെട്ടിരിക്കുന്നു. അല്ല, അവന്റെ ഇരു കൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ അങ്ങനെ ചെലവഴിക്കുന്നു. നിനക്ക് നിന്റെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശം അവരിൽ അധികം പേർക്കും ധിക്കാരവും അവിശ്വാസവും



വർദ്ധിപ്പിക്കുക തന്നെ ചെയ്യും. അവർക്കിടയിൽ ഉയിർത്തെഴുന്നേൽപിന്റെ നാളുവരെ ശത്രുതയും വിദ്വേഷവും നാം ഇട്ടുകൊടുത്തിരിക്കുകയാണ്. അവർ യുദ്ധത്തിന് തീ കൊളുത്തുമ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളയുന്നു. അവർ നാട്ടിൽ കുഴപ്പമുണ്ടാക്കുവാൻ വേണ്ടി ശ്രമിക്കുകയാണ്. കുഴപ്പക്കാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല.''(5:64).

''അവർ (യഹൂദർ) പറഞ്ഞു: എണ്ണപ്പെട്ട ദിവസങ്ങളിലല്ലാതെ ഞങ്ങളെ നരകശിക്ഷ ബാധിക്കുകയേ ഇല്ല. ചോദിക്കുക: നിങ്ങൾ അല്ലാഹുവിങ്കൽനിന്ന് വല്ല കരാറും വാങ്ങിയിട്ടുണ്ടോ? എന്നാൽ തീർച്ചയായും അല്ലാഹു തന്റെ കരാർ ലംഘിക്കുകയില്ല. അതല്ല, നിങ്ങൾക്ക് അറിവില്ലാത്തത് അല്ലാഹുവിന്റെ പേരിൽ നിങ്ങൾ പറഞ്ഞുണ്ടാക്കുകയാണോ? അങ്ങനെയല്ല. ആർ ദുഷ്കൃത്യം ചെയ്യുകയും പാപത്തിന്റെ വലയത്തിൽ പെടുകയും ചെയ്യുന്നുവോ അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും.'' (2:80,81).

ക്രൈസ്തവരെ പ്രത്യേകം പരാമർശിച്ചുകൊണ്ട് ഖുർആൻ പറയുന്നു: ''മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. (നബിയേ,) പറയുക: മർയമിന്റെ മകൻ മസീഹിനെയും അദ്ദേഹത്തിന്റെ മാതാവിനെയും, ഭൂമിയിലുള്ള മുഴുവൻ പേരെയും അല്ലാഹു നശിപ്പിക്കാൻ ഉദ്ദേശിക്കുകയാണെങ്കിൽ അവന്റെ വല്ല നടപടിയിലും സ്വാധീനം ചെലുത്താൻ ആർക്കാണ് കഴിയുക? ആകാശങ്ങളുടെയും, ഭൂമിയുടെയും, അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിന്നത്രെ. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനത്രെ.'' (5:17).

''മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. എന്നാൽ മസീഹ് പറഞ്ഞത്; ഇസ്രായീൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല എന്നാണ്.

അല്ലാഹു മൂവരിൽ ഒരാളാണ് എന്ന് പറഞ്ഞവർ തീർച്ചയായും അവിശ്വാസികളാണ്. ഏക ആരാധ്യനല്ലാതെ യാതൊരു ആരാധ്യനും ഇല്ല തന്നെ. അവർ ആ പറയുന്നതിൽ നിന്ന് വിരമിച്ചില്ലെങ്കിൽ അവരിൽ നിന്ന് അവിശ്വസിച്ചവർക്ക് വേദനയേറിയ ശിക്ഷ ബാധിക്കുക തന്നെ ചെയ്യും.''5:72, 73).

ശേഷം യേശുവിനെക്കുറിച്ചുള്ള ശരിയായ ചിത്രം ഖുർആൻ നൽകുന്നത് ഇങ്ങനെയാണ്:

''മർയമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ മാതാവ് സത്യവതിയുമാകുന്നു. അവർ ഇരുവരും ഭക്ഷണംകഴിക്കുന്നവരായിരുന്നു. നോക്കൂ; എന്നിട്ടും അവർ എങ്ങനെയാണ് (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നതെന്ന്.''(5:75).

''വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകനായ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും, അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അത് കൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതൻമാരിലും വിശ്വസിക്കുക. ത്രിത്വം എന്ന വാക്ക് നിങ്ങൾ പറയരുത്. നിങ്ങളുടെ നൻമയ്ക്കായി നിങ്ങൾ (ഇതിൽ നിന്ന്) വിരമിക്കുക. അല്ലാഹു ഏക ആരാധ്യൻ മാത്രമാകുന്നു. തനിക്ക് ഒരു സന്താനമുണ്ടായിരിക്കുക എന്നതിൽ നിന്ന് അവനെത്രയോ പരിശുദ്ധനത്രെ. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹു തന്നെ മതി.'' (4:171).

ഇതര മതസ്ഥരോട് നമ്മൾ പരസ്പരം അംഗീകരിക്കേണ്ടുന്ന; വേദഗ്രന്ഥങ്ങള്ക്കിടയിൽ യോജിപ്പുള്ള തത്ത്വങ്ങളിലേക്ക് കടന്നുവരുവാൻ ഖുർആൻ ആവശ്യപ്പെടുന്നു:

''(നബിയേ,) പറയുക: വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക നിങ്ങൾ വരുവിൻ. അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിനു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക (എന്ന തത്വത്തിലേക്ക്). എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക: ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചു കൊള്ളുക.'' (3:64).

ഇത് പറയുമ്പോൾ ''ഇല്ല, ഞങ്ങൾ ഖുർആൻ പറയുന്ന ഏകദൈവത്വം അംഗീകരിക്കുന്നില്ല. ത്രിത്വമാണ് ഞങ്ങളുടെ ആദർശ''മെന്ന് അഭിനവ ക്രൈസ്തവർ പറഞ്ഞാൽ അത് കേട്ട് മൗനിയാകുകയാണോ വേണ്ടത്, അതല്ല ഏകദൈവാരാധനയാണ് സർവ പ്രവാചകന്മാരും പ്രബോധനം ചെയ്തത്; ത്രിത്വം നിങ്ങൾ യേശുവിന്റെ മതത്തിൽ അനർഹമായി കടത്തിക്കൂട്ടിയതാണെന്ന് അവരെ ബോധ്യപ്പെടുത്താൻ പ്രബോധകന് സാധിത്ഥുകയാണോ വേണ്ടത്? ഏതാണ് ഗുണകരമെന്നും ഖുർആനിക സൂക്തത്തിന്റെ താത്പര്യമെന്നും മനസ്സിലാക്കാൻ ഏറെയൊന്നും ഗവേഷണത്തിന്റെ ആവശ്യമില്ല. അതിന് അവർ തന്നെ അംഗീകരിക്കുന്ന അവരുടെ പ്രമാണങ്ങളും വേദഗ്രന്ഥങ്ങളും ഉദ്ധരിച്ച് കൊണ്ട് അവരെ നിശബ്ദരാക്കി ഖുർആൻ പറയുന്നത് തന്നെയാണ് ശരിയെന്നും പ്രവാചകന്മാരെല്ലാം പഠിപ്പിച്ചത് ശുദ്ധമായ ഏകദൈവവിശ്വാസം തന്നെയാണെന്നും സ്ഥാപിക്കാൻ കഴിഞ്ഞാൽ യാതൊരു തെറ്റുമില്ല. മാത്രവുമല്ല, ഖുർആനിന്റെ ശൈലി കൂടിയാണ് അതെന്ന് ആയത്തുകൾ പരിശോധിച്ചാൽ വ്യക്തമാകും.

തുടരും...